# ക്ഷീരവികസന വകുപ്പ്

## "സംസ്ഥാന ക്ഷീരമേഖല-സമഗ്ര സർവേ 2025-26"

***നവംബർ 01 ശനിയാഴ്ച രാവിലെ 8.00 മണിക്ക്*** *ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ചിഞ്ചുറാണി അവർകളുടെ ഔദ്യോഗിക വസതിയിൽ നിന്നും ആരംഭിക്കുന്നു.*

## പത്രക്കുറിപ്പ്

കേരളത്തിലെ ക്ഷീരമേഖലയിൽ കാതലായ മാറ്റങ്ങൾ വരുത്തുവാൻ കഴിയുന്ന രീതിയിൽ "സംസ്ഥാന ക്ഷീരമേഖല സമഗ്ര സർവേ 2025-26" നവംബർ 01 ശനിയാഴ്ച രാവിലെ 8.00 മണിക്ക് ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ചിഞ്ചുറാണി അവർകളുടെ ഔദ്യോഗിക വസതിയിൽ നിന്നും ആരംഭിക്കുന്നു. ക്ഷീരമേഖലയിൽ സംസ്ഥാനത്ത് ഇദംപ്രഥമമായാണ് ഇത്തരമൊരു ഉദ്യമം. ക്ഷീരകർഷക കൂടിയായ മന്ത്രിയുടെ പശുപരിപാലന വിവരങ്ങൾ രേഖപ്പെടുത്തിയായിരിക്കും സാമ്പിൾ സർവേ ആരംഭിക്കുന്നത്. പാലുൽപ്പാദനം, ഉപഭോഗം, വിപണനരീതികൾ, കാലിത്തീറ്റയുടെ ഉപയോഗം, തീറ്റപ്പുല്ലിന്റെ ലഭ്യത, പശു പരിപാലനരീതികൾ എന്നിവയെക്കുറിച്ചെല്ലാം വ്യക്തമായ ഒരു ചിത്രം ലഭിക്കുന്നതിനു സർവേ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. സർവേയിൽ നിന്നും രൂപപ്പെടുന്ന അന്തിമ വിവരങ്ങൾ ഈ മേഖലയിൽ സംസ്ഥാനത്തിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാകുന്നതാണ്. ക്ഷീര വികസന വകുപ്പിന്റെയും സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മിൽമ, കേരള ഫീഡ്സ്, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് സാമ്പിൾ സർവേ നടത്തുന്നതിന്. ശാസ്ത്രീയമായി തെരഞ്ഞെടുക്കപ്പെട്ട 756 വാർഡുകളാണ് വിവര ശേഖരണത്തിനായി പരിഗണിച്ചിരിക്കുന്നത്. ക്ഷീര വികസന വകുപ്പിലെ ഡയറി പ്രൊമോട്ടർമാർ, വിമൺ ക്യാറ്റിൽ കെയർ വർക്കർമാർ, ക്ഷീരസംഘം പ്രതിനിധികൾ തുടങ്ങി 378 പേരെയാണ് എന്യൂമറേറ്റർമാരായി തെരഞ്ഞെടുത്തിരിക്കുന്നത്. 2025 നവംബർ 10 ന് ആരംഭിക്കുന്ന സർവേ ഡിസംബർ 10 വരെ നീണ്ടു നിൽക്കും.

ഡയറക്ടർ